(ബി) 1. പുതിയ തരത്തിലുള്ള മിനി ഡിഫൈബറിംഗ് മെഷീനുകൾ വികസിപ്പിച്ചെടുത്ത് കേരളാ ആട്ടോമൊബൈലിന്റെ സഹായത്തോടെ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യസംരംഭകർക്ക് സബ്സിഡി നിരക്കിലും നൽകിവരുന്നു.

2. വിവിധ ഇനം കയർപിരിക്കാവുന്ന ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(സി) കേന്ദ്ര സഹായപദ്ധതി പ്രകാരം 75 ആട്ടോമാറ്റിക് സിപിന്നിംഗ് മെഷീനുകൾ ഉടൻതന്നെ എൻ.സി.ആർ.എം.ഐ. മുഖാന്തരം 25 സംഘങ്ങൾക്ക് അനുവദിക്കുന്നതാണ്. ഇതിനു പുറമേ 12 വീവിംഗ് മെഷീനുകൾ 6 സഹകരണ സംഘങ്ങൾക്ക് നൽകിക്കഴിഞ്ഞു.

(ഡി) കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്ന നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു.

1. ഫാക്ടറിയുടെ പ്രവർത്തനത്തിനു മേൽനോട്ടം വഹിക്കുന്നതിനായി കയർ വികസന അഡീഷണൽ ഡയറക്ടറെ സ്പെഷ്യൽ ആഫീസറായി നിയമിച്ചു.

2. ഫാക്ടറിയുടെ ഭരണ വിഭാഗം സ്ഥാപിക്കുന്നതിലേക്കായി കയർ ഫെഡിന്റെ ചുങ്കത്തുള്ള സ്ഥലവും, ഫാക്ടറി സ്ഥാപിക്കുന്നതിലേക്കായി ആലപ്പി മാറ്റ്സ് & മാറ്റിംഗ്സിന്റെ സ്ഥലവും ലഭിച്ചിട്ടുണ്ട്..

3. നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല 'KITCO-യെ ഏൽപ്പിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആദ്യഘട്ടം 2011 മാർച്ച് അവസാനം കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

4. ഫാക്ടറിക്കാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

5. ആകെ 1934.67364 ലക്ഷം രൂപയാണ് അങ്കൽ പ്രതീക്ഷിക്കുന്നത്.

ദേശീയ കയർ ഗവേഷണ വികസന ഇൻസ്റ്റിറ്റ്യൂട്ട്

47 (2299) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വ്യവസായ വികസനത്തിനും ഗവേഷണത്തിനുമായി തിരുവനന്തപുരത്ത് സ്ഥാപിച്ച ദേശീയ കയർ ഗവേഷണ വികസന ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ കയർ വ്യവസായത്തിന്റെ വിവിധ മേഖലകളിലെ വികസനത്തിനായി എന്തൊക്കെ ഗവേഷണങ്ങൾക്കുള്ള സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(സി) കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളുമായി സഹകരിച്ചു കൊണ്ടാണ് ഇവിടെ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത് ;

(ഡി) കയർ മേഖലയുമായി ബന്ധപ്പെട്ട പുതിയ കോഴ്സുകൾക്കും പരിശീലന പരിപാടികൾക്കും സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഇവിടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) എൻ.സി.ആർ.എം.ഐ.-യിൽ അത്യാധുനിക യന്ത്രങ്ങൾ-ആയ CNC Lathe, Vertical Machine Centre, Conventional Lathe, Surface Grinder, Drilling Machine മുതലായവ സ്ഥാപിച്ച് വർക്ക്ഷോപ്പ് പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാവിധ സജ്ജീകരണങ്ങളോടു കൂടിയ Chemical, Biological, Geotechnical ലാബുകൾ എൻ.സി.ആർ.എം.ഐ.-ൽ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാണ്. കേരളത്തിലെ കയർ മേഖലയുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് എൻ.സി.ആർ.എം.ഐ. സജ്ജമാണ്. താഴെ പറയുന്ന ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരളത്തിൽ അനുഭവപ്പെട്ടുകൊണ്ടിരുന്ന ചകിരി നാരിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി എൻ.സി.ആർ.എം.ഐ.-യുടെ ഗവേഷണ ഫലമായി ചകിരി വേർപെടുത്തൽ യന്ത്രം വികസിപ്പിച്ചെടുത്തു. ഈ യന്ത്രത്തിന്റെ സഹായത്തോടെ ഗുണമേന്മയേറിയ ചകിരി നാരുകൾ കുറഞ്ഞ സമയത്തിനുള്ളിൽ തൊണ്ടിൽ നിന്നും വേർതിരിക്കുവാൻ സാധിക്കുന്നു. കൂടാതെ ചകിരിനാരിന്റെ മൃദുത്വം വർദ്ധിപ്പിക്കുന്നതിനായി എൻ.സി.ആർ.എം.ഐ. പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചുവരുന്നു. കയർ പിരിക്കുന്നതിന് വേണ്ടി പരമ്പരാഗത റാട്ടുകൾക്കു പകരം ഉൽപ്പാദന ക്ഷമത കൂടിയതും വിപണിയുടെ ആവശ്യത്തിനനുസരിച്ചുള്ള കയർ നിർമ്മിക്കുന്നതിനും വേണ്ടി അതിനൂതനമായ കയർപിരി യന്ത്രം എൻ.സി.ആർ.എം.ഐ. രൂപകൽപ്പന ചെയ്തുവരുന്നു.

കയർ മൂവസ്ത്രത്തിന്റെ വ്യത്യസ്ത ധർമ്മങ്ങൾ പഠിക്കുന്നതിനും അതിന്റെ ഉപയോഗ സാദ്ധ്യതകൾ വിശകലനം ചെയ്യുന്നതിനും വേണ്ടി എൻ.സി.ആർ.എം.ഐ. കാമ്പസിൽ GTDP-യുടെ ഭാഗമായി ജിയോടെക്സ്റ്റയിൽസ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. മണ്ണൊലിപ്പ് തടയൽ, ചരിവ് പ്രദേശങ്ങളുടെ സംരക്ഷണം, താങ്ങ് ചുവർ നിർമ്മാണം, റോഡ് നിർമ്മാണം, റെഡിമെയ്ഡ് പുൽത്തകിടി നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് ഊന്നൽ നൽകുന്നത് പാറയെ കയർ മൂ വസ്ത്രവും ചകിരിച്ചോറും ഉപയോഗിച്ച് പുനരുജ്ജീവിപ്പിച്ച് കൃഷി ചെയ്യുന്നതിനുവേണ്ട ഗവേഷണം തുടങ്ങുന്നതിനാവശ്യമായ പ്രാഥമിക പ്രവർത്തനം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ എൻ.സി.ആർ.എം.ഐ. വിവിധ ഏജൻസികളുമായി ചേർന്ന് വിവിധ തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി റബ്ബറിൽ കയർ പിത്ത് ഫില്ലർ മെറ്റീരിയൽസായി ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള ഗവേഷണം നടത്തുകയും ചവിട്ടി, ചെരുപ്പ് തുടങ്ങിയ ഉൽപ്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവേഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

2. കയറും റബ്ബറും സംയോജിപ്പിച്ച് ഫ്ളോർ ടൈൽസ്, റൂഫ് ടൈൽസ്, റിജിഡ് പാനൽ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഗവേഷണം നടന്നുവരുന്നു. കൂടാതെ കയർ റബ്ബർ മിശ്രിതം ഉപയോഗിച്ച് സീറ്റ് എൻജിൻ മൗണ്ട് തുടങ്ങിയ വാഹന സാമഗ്രികളുടെ ഉൽപ്പാദനത്തിനു വേണ്ടിയുള്ള ശാസ്ത്രീയ പഠനവും ഇതിൽ ഉൾപ്പെടുന്നു.

3. ഉണക്ക തൊണ്ടിൽ കൂൺ കൃഷി നടത്തി അതുവഴി തൊണ്ട് ചീയൽ പ്രക്രിയയും ചകിരിയെ മാർദ്ദവമാക്കി മാറ്റുന്നതിനുള്ള ഗവേഷണവും നടത്തി വരുന്നു. ഇതിൽ കൂടി കൂൺ കൃഷി വിപുലപ്പെടുത്താനും സാധിക്കുന്നു.

4. കയർ ജിയോ ടെക്സ്റ്റയിൽ ഉപയോഗിച്ച് മലിനജലം ശുദ്ധീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഒരു സംവിധാനം വികസിപ്പിച്ചുവരുന്നു.

(സി) എൻ.സി.ആർ.എം.ഐ. കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളായ NIRJAFT, CIRCOT, NIIST എന്നീ ഏജൻസികളുമായി സഹകരിച്ചു കൊണ്ട് താഴെ വിവരിച്ചിരിക്കുന്ന ഗവേഷണ പ്രവർത്തങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

a. "Creation of Data Base On physico-chemical and structural characteristics of coir fibres" CIRCOT

b. Development of Appropriate Technology of Spinning Jute Coconut fibre blended yarn and products of Diversified Jute-Coconut Fibre products for Rural sector-NIRJAFT

c. Extraction of fibre from tender coconut husk.

കൂടാതെ NIIST-യുമായി സഹകരിച്ചുകൊണ്ട് "Studies on Develoment of Coir Rubber composite products" എന്ന ഗവേഷണ പ്രോജക്ടും പുരോഗമിച്ച് വരികയാണ്. എന്നാൽ NIRJAFT ഗവേഷണ വിവരങ്ങൾ പൂർണ്ണമായും കൈമാറിയിട്ടില്ല. ഇതിനെതിരെ നിയമനടപടി സ്വീകരിക്കാൻ എൻ.സി.ആർ.എം.ഐ.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കയർ മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ എൻ.സി.ആർ.എം.ഐ.-യിൽ ആരംഭിച്ചിട്ടുണ്ട്. ഏകദേശം എൺപത് പേർക്ക് ഇരിക്കാവുന്ന ഒരു സെമിനാർ ഹാളും കൂടാതെ അറുപത് പേർക്കും അൻപതുപേർക്കും വീതം ഇരിക്കാവുന്ന രണ്ട് ക്ലാസ് മുറികളും സജ്ജമാക്കിയിട്ടുണ്ട്. കയറും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട വിപുലമായ ഒരു ലൈബ്രറിയും സജ്ജമാക്കിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള പഠനോപാധികളും എൻ.സി.ആർ.എം.ഐ.-യിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പരിശീലനാർത്ഥികളുടെ താമസസൗകര്യത്തിനായി നാൽപത് പേർക്ക് താമസിക്കുന്നതിനുള്ള ട്രെയിനിംഗ് ഹോസ്റ്റൽ/ഗസ്റ്റ് ഹൗസ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ കയർ സംഘം പ്രസിഡന്റ്/സെക്രട്ടറിമാർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

മിനിമം വേതനം

48(2300) ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി ഏതെങ്കിലും വിഭാഗങ്ങൾക്ക് മിനിമം വേതനം ഏർപ്പെടുത്താൻ ബാക്കിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചുവടെ ചേർത്തിട്ടുള്ള മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയോ ആദ്യമായി നിശ്ചയിക്കുകയോ ചെയ്തിട്ടുണ്ട്.

1. കശുവണ്ടി വ്യവസായം
2. ടിംബർ & പ്ലൈവുഡ് വ്യവസായം
3. ഓയിൽ മില്ലുകൾ
4. ഓയിൽ പാം
5. ആയുർവേദിക് & അലോപ്പതിക് മരുന്ന് നിർമ്മാണം
6. ലൈറ്റ് മോട്ടോർ വെഹിക്കിൾ
7. മലഞ്ചരക്ക് വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly